# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6179** **04/07/2019 ൽ മറുപടിക്ക്**

## കാഷ്യൂ ബോർഡ് ഇ-ടെൻഡറില്ലാതെ വാങ്ങിയ കശുവണ്ടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റോജി എം. ജോൺ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും ഇ-ടെൻഡർ വഴി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കശുവണ്ടി വാങ്ങുമ്പോൾ കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇ-ടെൻഡറില്ലാതെ കശുവണ്ടി വാങ്ങിയിട്ടുണ്ടോ; അതിനുള്ള സാഹചര്യമെന്തായിരുന്നു; വിശദമാക്കാമോ; | (എ) 2017 ൽ കേരള കാഷ്യൂബോർഡ് രൂപീകൃതമായതിനുശേഷം തോട്ടണ്ടി സപ്ലയർമാരെ ഷോർട്ട് ലിസ്റ്റ് ചെയ്യാനായി താല്പര്യപത്രം (Expression of Interest) ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിലും അവസാന തിയതിക്കു ശേഷവും വിദേശരാജ്യങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നും ഒരോഫറും ലഭിച്ചിട്ടില്ല. രണ്ട് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് അപൂർണ്ണമായ ഓഫറുകൾ ലഭിച്ചെങ്കിലും നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്തതിനാൽ അവ സ്വീകരിക്കപ്പെട്ടിട്ടില്ല. നിലവിലുള്ള ഇ-ടെണ്ടർ സംവിധാനത്തിന് ആഗോള ടെണ്ടറുകൾ സ്വീകരിക്കുന്ന കാര്യത്തിൽ ചില പരിമിതികൾ ഉള്ളതായി കണ്ടിരുന്നു. വിദേശരാജ്യങ്ങളിലെ സ്ഥാപനങ്ങൾക്ക് ഈ രാജ്യത്തെ ഇ-ടെണ്ടർ സംവിധാനത്തിൽ പങ്കെടുക്കുന്നതിനായി ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനവും ഇ-പേമെന്റ് സംവിധാനവും ഉപയോഗിക്കുവാൻ സാധിക്കുകയില്ല എന്നതായിരുന്നു പ്രധാന പരിമിതി. Indian Information Technology Act ന്റെ വ്യവസ്ഥകൾ പ്രകാരം വിദേശ കമ്പനികൾക്കോ ഡിജിറ്റൽ സിഗ്നേച്ചറിനായി നേരിട്ട് ഈ രാജ്യത്ത് അപേക്ഷിക്കാനാവില്ല. അതിനാൽ അവർക്ക് ഇന്ത്യയിലെ ഇ-ടെണ്ടറുകളിൽ നേരിട്ട് പങ്കെടുക്കാനാകില്ല. ഈ സാഹചര്യത്തിൽ കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിലെ കമ്പനികളെയും സ്ഥാപനങ്ങളെയും കൂടി പങ്കെടുപ്പിക്കാനുള്ള |

| | | | |
|---|---|---|---|
| | | | അവസരം സൃഷ്ടിക്കുന്നതിലേക്കായി കശുവണ്ടി ഇറക്കുമതിക്കായി ആദ്യഘട്ടത്തിൽ ഇ-ടെണ്ടറിന് പകരം സീൽഡ് ടെണ്ടർ സ്വീകരിക്കാൻ കേരള കാഷ്യൂ ബോർഡിന് സർക്കാർ അനുമതി നൽകിയിരുന്നു. ഇപ്പോൾ കാഷ്യൂ ബോർഡ് ജൂൺ മുതൽ തോട്ടണ്ടി ഇറക്കുമതിക്ക് ഇ-ടെണ്ടർ സമ്പ്രദായം സ്വീകരിച്ചുവരുന്നു. |
| (ബി) | കാഷ്യൂ ബോർഡ് മൊസാംബിക്കിൽ നിന്നും ഇ-ടെൻഡറില്ലാതെ വാങ്ങിയ തോട്ടണ്ടി ഗുണനിലവാരമുള്ളതായിരുന്നോ; വ്യക്തമാക്കുമോ; | (ബി) | ഗുണനിലവാരമുള്ളതായിരുന്നു. ഈ തോട്ടണ്ടിയുടെ ഔട്ട് ടേൺ 45.334 ആയിരുന്നു. ഇത് ആവശ്യപ്പെട്ട ഔട്ട് ടേണായ 46 നെക്കാൾ നേരിയ കുറവ് മാത്രം ഉള്ളതായിരുന്നു. അതിനാൽ ഗുണനിലവാരത്തിൽ ഗണ്യമായ കുറവുണ്ടായിട്ടില്ല. ഔട്ട് ടേണിൽ ഉണ്ടായിട്ടുള്ള നേരിയ കുറവിനാനുപാതികമായ വില മാത്രമേ കാഷ്യൂബോർഡ് കട്ടിംഗ് ടെസ്റ്റിനു ശേഷം നൽകിയിട്ടുള്ളൂ. |
| (സി) | കാഷ്യൂ ബോർഡ് വാങ്ങിയ തോട്ടണ്ടി കാപ്പെക്സിനും കശുവണ്ടി വികസന കോർപ്പറേഷനും വിറ്റതിലൂടെ ബോർഡിന് ലഭിച്ച ലാഭം എത്രയാണ്; വിശദമാക്കാമോ; | (സി) | കാഷ്യൂബോർഡ് ഇറക്കുമതി ചെയ്ത തോട്ടണ്ടി ടണ്ണിന് 15 ഡോളർ എന്ന വളരെ ചെറിയ മാർജിനിലാണ് കശുവണ്ടി വികസനകോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കിയത്. ഇതിലൂടെ കാഷ്യൂബോർഡിന് 32 ലക്ഷം രൂപയോളം മിച്ചമുണ്ടാകും എന്ന് കണക്കാക്കപ്പെടുന്നു. |
| (ഡി) | കാപ്പക്സിനും കശുവണ്ടി വികസന കോർപ്പറേഷനും ഗുണനിലവാരമില്ലാത്ത കശുവണ്ടി നൽകിയതുമൂലം അവർക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നഷ്ടമാണ് ഉണ്ടായിട്ടുള്ളത് ; വ്യക്തമാക്കാമോ? | (ഡി) | ഗുണനിലവാരമില്ലാത്ത തോട്ടണ്ടി കാഷ്യൂബോർഡ് ഇറക്കുമതി ചെയ്തിട്ടില്ല. കാഷ്യൂബോർഡ് കടമായിട്ടാണ് തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും നൽകുന്നത്. മാസങ്ങൾ കഴിഞ്ഞ് പരിപ്പ് വിറ്റതിനുശേഷമാണ് പണം കാഷ്യൂബോർഡിന് നൽകുന്നത്. അതിനാൽ മിച്ചമുണ്ടെന്ന് കാഷ്യൂബോർഡ് പറയുന്ന തുകയൊന്നും ഫലത്തിൽ കാഷ്യൂബോർഡിന് ലഭിക്കുകയില്ല. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കശുവണ്ടി വികസന കോർപ്പറേഷന്റെ നഷ്ടത്തിന്റെ തോത് ക്രമാനുഗതമായി ഇപ്പോൾ കുറഞ്ഞു വരികയാണ്. |

Radhakrishnan

സെക്ഷൻ ഓഫീസർ